# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **13.12.2012 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 97**

സ്ക്കൂൾ അപ്ഗ്രഡേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. എം. ഹംസ<br>ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br>(ബി) സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;<br>(സി) സർക്കാർ സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>(ഡി) എയ്ഡഡ് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നിർദ്ദേശം നിലവിലുണ്ടോ; വിശദമാക്കുമോ? | **(എ), (ബി), (സി) & (ഡി)**<br>13.6.07 ലെ സ.ഉ.(പി) 107/07/പൊ.വി. ഉത്തരവു പ്രകാരം സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും, പുതുതായി അനുവദിക്കുന്നതിനും മാനദണ്ഡം നിശ്ചയിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് ഈ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല. 2009 - ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച |

വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി 1 കിലോ മീറ്റർ ദൂര പരിധിക്കുള്ളിലും 6 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 3 കിലോ മീറ്റർ ദൂര പരിധിക്കുള്ളിലും ഒരു വിദ്യാലയം വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ ഭാവിയിൽ പുതിയ സ്ക്കൂൾ തുടങ്ങുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും സാധിക്കുകയുള്ളു.

വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസപരമായ ആവശ്യം കണക്കാക്കുന്നതിനായി നടത്തിയ സ്ക്കൂൾ മാപ്പിംഗ് പൂർത്തിയായിട്ടുണ്ട്. സ്ക്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആവശ്യം (Educational need) നിലനിൽക്കുന്ന പ്രദേശങ്ങളിൽ സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ പുതിയ സ്ക്കൂളുകൾ തുടങ്ങുകയോ, നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യേണ്ടി വരും. ഇക്കാര്യത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ്.

സെക്ഷൻ ഓഫീസർ